# Telephone Conversation between PM and President of the Maldives

April 20, 2020

---

## പ്രധാനമന്ത്രിയും മാൽദ്വീപ് പ്രസിഡന്റും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

ഏപ്രിൽ 20, 2020

മാൽദ്വീപ് പ്രസിഡണ്ട് ശ്രീ ഇബ്രാഹിം മുഹമ്മദ് സോലിഹ് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി.

തങ്ങളുടെ രാജ്യങ്ങളിലെ കോവിഡ്-19 അണുബാധയെ സംബന്ധിച്ചുള്ള നിലവിലെ അവസ്ഥകൾ ഇരു നേതാക്കളും പരസ്പരം അറിയിച്ചു.

SAARC രാജ്യങ്ങൾ അംഗീകരിക്കുകയും ക്രിയാത്മകമായി നടപ്പിലാക്കുകയും ചെയ്യുന്ന സഹകരണ മാതൃകളെക്കുറിച്ച് അവർ സംതൃപ്തി പ്രകടിപ്പിച്ചു.

മാലദ്വീപിൽ മുൻപ് നിയമിക്കപ്പെട്ട ഇന്ത്യയിൽ നിന്നുള്ള മെഡിക്കൽ സംഘത്തിന്റെ സേവനവും ഇന്ത്യയിൽ നിന്നും നൽകിയ അവശ്യ മരുന്നുകളും അണുബാധയുടെ വ്യാപനം നിയന്ത്രിക്കുന്നതിൽ പങ്കു വഹിച്ചുവെന്നു അറിഞ്ഞതിൽ  പ്രധാനമന്ത്രി വളരെ സന്തുഷ്ടനായി.

വിനോദ സഞ്ചാരം അടിസ്ഥാനമാക്കിയുള്ള സാമ്പത്തികാവസ്ഥയുള്ള രാജ്യമായ മാലദ്വീപിൽ പകർച്ചവ്യാധി മൂലമുള്ള പ്രത്യേക വെല്ലുവിളികൾ നേരിടുന്നതിനും,കോവിഡ് -19 നെത്തുടർന്നുള്ള  ആരോഗ്യ സാമ്പത്തിക പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനും തുടർച്ചയായ സഹായം നൽകുമെന്ന് പ്രധാനമന്ത്രി മാൽദ്വീപിയൻ പ്രസിഡന്റിനെ അറിയിച്ചു.

നിലവിലെ ആരോഗ്യ പ്രതിസന്ധി മൂലമുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഉഭയകക്ഷി സഹകരണത്തിന്റെ മറ്റു വശങ്ങൾ സംബന്ധിച്ചും  തങ്ങളുടെ ഔദ്യോഗിക വൃത്തങ്ങൾ സമ്പർക്കത്തിൽ നിലനിൽക്കുമെന്ന് ഇരു നേതാക്കളും സമ്മതിച്ചു.

**ന്യൂ ഡൽഹി**
**ഏപ്രിൽ 20, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.